# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1425** — **21.03.2012 ൽ മറുപടിക്ക്**

## ഭവനരഹിതർക്കുള്ള ഗ്രാമവികസന വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്ക്കാരികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവന രഹിതരായവർക്ക് ഗ്രാമവികസന വകുപ്പുവഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഗ്രാമവികസനവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളാണ്<br>1) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജന<br>2) സംസ്ഥാനാവിഷ്കൃത പദ്ധതിയായ ഇ.എം.എസ്. ഭവനപദ്ധതി (പ്രസ്തുത പദ്ധതിയുടെ കാലാവധി 31.03.2012 ൽ അവസാനിക്കും) |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം എത്ര വീതമെന്നു വ്യക്തമാക്കുമോ ; | (ബി) ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരം അനുവദിക്കുന്ന പരമാവധി ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. |

1) കേന്ദ്രാവിഷ്കൃത പദ്ധതി-ഇന്ദിരാ ആവാസ് യോജന

ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം 48,500/- രൂപയാണ്. ഇതിൽ കേന്ദ്രവിഹിതം 36,375/ രൂപയും (75%) സംസ്ഥാന വിഹിതം 12,125/- രൂപയുമാണ് (25%). സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 2,00,000/- രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,50,000/- രൂപയുമാണ്. ഇന്ദിരാ ആവാസ് യോജനപ്രകാരം അനുവദനീയമായ പരമാവധി ധനസഹായമായ 48,500/- രൂപയ്ക്ക് ഉപരിയായി ജനറൽ വിഭാഗത്തിനും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിനും നൽകുന്ന ധനസഹായം ജില്ലാ/ബ്ളോക്ക്/ഗ്രാമപഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ പദ്ധതി വിഹിതത്തിൽ വകയിരുത്തിയാണ് നൽകുന്നത്.

2) സംസ്ഥാനപദ്ധതി-ഇ.എം.എസ് ഭവന പദ്ധതി

ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 2,00,000/- രൂപയാണ് അനുവദനീയമായ ധനസഹായം.

(സി) എസ്.സി., എസ്.റ്റി, ജനറൽ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന തുകയിൽ വർദ്ധനവു വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുതവർദ്ധനവ് ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികൾക്കാണു ബാധകമാക്കിയിട്ടുള്ളത്; ഇതിന്റെ പ്രാബല്യം എന്നുമുതലാണ്; വ്യക്തമാക്കുമോ;

(സി) & (ഡി) (1)ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായതുക യഥാക്രമം 1,00,000/- രൂപയും 1,25,000 രൂപയുമായിരുന്നത് 2,00,000/- രൂപയും 2,50,000/- രൂപയുമായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ വർദ്ധനവ് 15.09.2011 മുതൽ പ്രാബല്യം നൽകിയാണ് ഉത്തരവായിട്ടുള്ളത്. ജനറൽ വിഭാഗങ്ങൾക്ക് നൽകി വരുന്ന ധനസഹായതുകയായ 75000/ രൂപയായിരുന്നത് 2,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(2) ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായതുക യഥാക്രമം 75,000 രൂപയിൽ നിന്നും 2,00,000 രൂപയായും 1,00,000/- രൂപയിൽ നിന്നും 2 ലക്ഷം രൂപയായും 1,25,000/- രൂപയിൽ നിന്നും 2,50,000/- രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് ഭവന പദ്ധതികൾക്കും വർദ്ധിപ്പിച്ച നിരക്കുകൾ 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ടെങ്കിലും 15.09.2011 ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011 ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്.

(ഇ) 2011 ഏപ്രിൽ 1-നു മുൻപ് അപേക്ഷ നൽകിയവരും, എന്നാൽ നടപ്പു സാമ്പത്തിക വർഷാരംഭത്തിൽ എഗ്രിമെന്റ് വെച്ച് വീടുപണി ആരംഭിച്ചവരുമായവർക്കു കൂടി വർദ്ധിപ്പിച്ച തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ